"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് -എക്സൈസ് -ജീവനക്കാര്യം -കൂത്തുപറമ്പ് എക്സൈസ് റേഞ്ച് ഓഫീസിലെ സിവിൽ എക്സൈസ് ഓഫീസർ ശ്രീ.ബിജു.കെ യുടെ ചികിത്സയ്ക്ക് ചെലവായ തുക പ്രതിപൂരണം ചെയ്തു നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എഫ് )വകുപ്പ്**

സ.ഉ.(സാധാ) നം.58/2025/TAXES തീയതി,തിരുവനന്തപുരം, 22-01-2025

---

പരാമർശം:-

1. ശ്രീ.ബിജു.കെ യുടെ 08.04.2022 ലെ അപേക്ഷ.
2. കണ്ണൂർ ജില്ലാ മെഡിക്കൽ ഓഫീസറുടെ 31.05.2022 ലെ സി4/8995/2022 നമ്പർ കത്ത്.
3. എക്സൈസ് കമ്മീഷണറുടെ 20.09.2022 ലെ ഇ.എക്സ്.സി/1392/2020-എക്സ്.ഇ6 നമ്പർ കത്ത്.

**ഉത്തരവ്**

കൂത്തുപറമ്പ് എക്സൈസ് റേഞ്ച് ഓഫീസിലെ സിവിൽ എക്സൈസ് ഓഫീസർ ശ്രീ.ബിജു.കെ യുടെ വൃക്ക സംബന്ധമായ അസുഖത്തിന് കോഴിക്കോട് ബേബി മെമ്മോറിയൽ ആശുപത്രിയിൽ തുടർ ചികിത്സയ്ക്കായി 03.12.2021 മുതൽ 21.02.2022 വരെ ചെലവായ തുക മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റായി അനുവദിക്കുന്നതിനായി പരാമർശം (3) പ്രകാരം എക്സൈസ് കമ്മീഷണർ ശിപാർശ സമർപ്പിക്കുകയുണ്ടായി.പ്രസ്തുത അപേക്ഷയിന്മേൽ 26,752/-രൂപ അനുവദനീയമാണെന്ന് പരാമർശം (2) പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.കൂത്തുപറമ്പ് എക്സൈസ് റേഞ്ച് ഓഫീസിലെ സിവിൽ എക്സൈസ് ഓഫീസർ ശ്രീ.ബിജു.കെ യുടെ ചികിത്സക്ക് 03.12.2021 മുതൽ 21.02.2022 വരെ കോഴിക്കോട് ബേബി മെമ്മോറിയൽ ആശുപത്രിയിൽ നടത്തിയ ചികിത്സക്ക് ചെലവായ തുകയിൽ ജില്ലാ മെഡിക്കൽ ഓഫീസർ അനുവദനീയത അറിയിച്ച തുകയായ 26,752/- രൂപയുടെ 80 % ആയ 21,402/- രൂപ (ഇരുപത്തി ഒന്നായിരത്തി നാന്നൂറ്റി രണ്ട് രൂപ മാത്രം) പ്രതിപൂരണം ചെയ്ത് നൽകുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷജില എസ്
ഡെപ്യൂട്ടി സെക്രട്ടറി

1.എക്സൈസ് കമ്മീഷണർ,തിരുവനന്തപുരം (ബില്ലുകളും അനുബന്ധ രേഖകളും സഹിതം ).
2.ശ്രീ.ബിജു.കെ,സിവിൽ എക്സൈസ് ഓഫീസർ,എക്സൈസ് റേഞ്ച് ഓഫീസ്,കൂത്തുപറമ്പ് (എക്സൈസ് കമ്മീഷണർ മുഖേന ).

3.അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ് -ഇ.ആർ.എസ്.എ) കേരളം, തിരുവനന്തപുരം.

4.ധനകാര്യ വകുപ്പ് (Loans-L4/313/2024-Fin dated 02.12.2024).

5.വെബ് &ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് ).

6.കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Reese. V. A
Date: 22-01-2025 12:08:32
സെക്ഷൻ ഓഫീസർ